**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വകുപ്പ് പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും(2016 - 21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിലും (2016 - 21) ഈ സർക്കാരിന്റെ കാലയളവിലും പാറശാല മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• Department of Tourism Proposal for supply of Boats to Neyyar Dam Boat Club-Thiruvananthapuram. പ്രസ്തുത പദ്ധതിയ്ക്ക് ₹88,59,600/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.<br>• Destination Development of Thekkan Kurishumala in Thiruvananthapuram. പ്രസ്തുത പദ്ധതിയ്ക്ക് ₹ 1,08,50,000/-രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.<br>• Development of Neyyar Dam as a Tourist Destination. പ്രസ്തുത പദ്ധതിയ്ക്ക് ₹ 4,65,10,000/- അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.<br>• Destination Development at Neyyar Dam at Thiruvananthapuram. പ്രസ്തുത പദ്ധതിയ്ക്ക് ₹ 3,50,00,000/- അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി നിർവഹിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. 31.12.2025 തീയതിയ്ക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിൽ വി-പാർക്ക് നിർമ്മിക്കുന്നതിനും പാലത്തിന്റെ പ്രവേശന ഭാഗത്തെ ഭിത്തികളിൽ ഗോത്ര സംസ്കാരത്തെയും സാംസ്കാരിക പൈതൃകത്തെയും സൂചിപ്പിക്കുന്ന ആർട്ടീരിയ | (ബി) | അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിൽ വി-പാർക്ക് നിർമ്മിക്കുന്നതിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി |

| | | | |
|---|---|---|---|
| | മാതൃകയിൽ ചുമർ ചിത്രങ്ങൾ തയ്യാറാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | | നടപ്പാക്കുന്നതിനായി ഡി. പി. ആർ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിൽ ആണ്. പാലത്തിന്റെ പ്രവേശന ഭാഗത്തെ ഭിത്തികളിൽ സംസ്കാരത്തെയും ഗോത്ര സാംസ്കാരിക പൈതൃകത്തെയും സൂചിപ്പിക്കുന്ന ആർട്ടീരിയ മാതൃകയിൽ ചുമർ ചിത്രങ്ങൾ ഒരു പദ്ധതി ഘടകമായി ഉൾപ്പെടുത്തുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി. ആർ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അരുവിപ്പുറം മഠം കേന്ദ്രമാക്കി ടൂറിസം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | അരുവിപ്പുറം മഠം കേന്ദ്രമാക്കി ടൂറിസം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പാറശാല മണ്ഡലത്തിൽ ടൂറിസം വകുപ്പ് പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | 1. നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിൽ അമ്പൂരി ഗ്രാമപഞ്ചായത്ത് ''ഹിൽ ഏരിയ ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ്'' എന്ന പദ്ധതിയ്ക്കായി ഏഴ് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. കേരള സ്റ്റേറ്റ് ഡിസൈൻ പോളിസിയുടെ ഭാഗമായി, 'വീ പാർക്ക് ബ്രിഡ്ജ് വൈബ്സ്' പദ്ധതിയിലൂടെ പാലങ്ങൾക്ക് താഴെയുള്ള സ്ഥലങ്ങൾ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിലെ കുമ്പിച്ചാൽ പാലത്തിന് താഴെയുള്ള സ്ഥലം വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ